1195/ഇ1/2014/കെ.എസ്.എച്ച്.ഒ 03/08/2020

# 29.07.2020–ൽ കൂടിയ കുടുംബശ്രീ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ നടപടികുറിപ്പ്

29.07.2020–ൽ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ വീഡിയോ കോൺഫറൻസ് (Google Meet) ആയി കൂടിയ എക്സിക്യൂട്ടീവ് കമ്മിറ്റിയോഗത്തിൽ താഴെപറയുന്നവർ പങ്കെടുത്തു.

| | | |
|---|---|---|
| 1. | ശ്രീമതി ശാരദാ മുരളീധരൻ ഐ.എ.എസ്<br>പ്രിൻസിപ്പൽ സെക്രട്ടറി &<br>എക്സിക്യൂട്ടീവ് കമ്മിറ്റി ചെയർമാൻ, കുടുംബശ്രീ | ചെയർമാൻ |
| 2. | ഡോ.ടി.എൻ.സീമ<br>എക്സ്.എം.പി | അംഗം |
| 3. | ശ്രീമതി സി.എസ്.സുജാത<br>എക്സ്.എം.പി | അംഗം |
| 4. | ശ്രീമതി. ജയശ്രീ ഐ.എ.എസ്<br>ഡയറക്ടർ, പഞ്ചായത്ത് വകുപ്പ് | അംഗം |
| 5. | ശ്രീമതി.രേണു രാജ് ഐ.എ.എസ്<br>ഡയറക്ടർ, നഗരകാര്യവകുപ്പ് | അംഗം |
| 6. | ശ്രീ.പദ്മകുമാർ ഐ.എ.എസ്<br>കമ്മീഷണർ, ഗ്രാമ വികസന വകുപ്പ് | അംഗം |
| 7. | ശ്രീമതി കെ.എസ്.ഉഷ<br>അഡീഷണൽ സെക്രട്ടറി, ധനകാര്യ വകപ്പ് | പ്രതിനിധി |
| 8. | ശ്രീ. എസ്. ഹരികിഷോർ ഐ.എ.എസ്<br>എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ | കൺവീനർ |

യോഗം വൈകുന്നേരം 3.00–മണിക്ക് ആരംഭിച്ചു.

അജണ്ട 1

**വിഷയം:** സർക്കാർ ഓഫീസുകൾ, വാഹനങ്ങൾ, കെട്ടിടങ്ങൾ എന്നിവയുടെ അണുനശീകരണം, ക്ലീനിങ് പ്രവർത്തനങ്ങൾ കുടുംബശ്രീ തീവ്രശുചീകരണ യൂണിറ്റുകൾ/ ടീമുകൾ/ സംരംഭകർക്ക് നൽകുന്നത് സംബന്ധിച്ച്

**തീരുമാനം**

സർക്കാർ സ്ഥാപനങ്ങളിലെ അണുനശീകരണമുൾപ്പെടെയുള്ള താത്ക്കാലിക ശുചീകരണ പ്രവർത്തനങ്ങൾക്ക് ഈ മേഖലയിൽ പരിശീലനം നേടി കുടുംബശ്രീ സംരംഭങ്ങൾ തുടങ്ങാൻ വേണ്ടിയുള്ള ഉപജീവന പ്രൊപ്പോസൽ എക്സിക്യൂട്ടീവ് കമ്മിറ്റി വിശദമായി ചർച്ച ചെയ്തു. പ്രസ്തുത പ്രൊപ്പോസലിലെ ഉപജീവന പാക്കേജിന് അനുമതി നൽകാമെന്ന് എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചു. ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തി ആയിരിക്കണം പ്രസ്തുത പാക്കേജ് നടപ്പിലാക്കേണ്ടതെന്നും യോഗം വിലയിരുത്തി.

1. ഹരിത കർമ്മസേന സംരംഭകർക്ക് വേണം മുൻഗണന. അണുനശീകരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുമ്പോൾ തൽപരരായ എല്ലാ അംഗങ്ങൾക്കും അവസരം ലഭിക്കുന്ന തരത്തിലും, എന്നാൽ ഹരിത കർമ്മസേനയുടെ നിലവിലെ പ്രവർത്തനങ്ങൾക്ക് യാതൊരു രീതിയിലുമുള്ള തടസ്സങ്ങൾ ഉണ്ടാകാതെയും ക്രമീകരിക്കേണ്ടതാണ്.
2. സംരംഭകരായി കണ്ടെത്തുമ്പോൾ ദീർഘകാല പ്രവർത്തനത്തിനുള്ള സാഹചര്യം കൂടി വിലയിരുത്തിക്കൊണ്ടാകണം അംഗസംഖ്യ തീരുമാനിക്കുക. ജില്ലാ തലത്തിലെ ആവശ്യകതയ്ക്കനുസരിച്ചുള്ള സംരംഭക ടീമുകളുടെ ലഭ്യത കുടുംബശ്രീ ഉറപ്പുവരുത്തേണ്ടതാണ്.
3. ഹരിത കർമ്മ സേനയിൽ അംഗങ്ങളായുള്ള സാധ്യമായ മുഴുവൻ പേർക്കും അണുനശീകരണ പ്രവർത്തനങ്ങളിൽ ഒരു പ്രാഥമികതല പരിശീലനം നൽകി അടിയന്തിര സാഹചര്യങ്ങളിലേക്ക് സജ്ജരാക്കേണ്ടതാണ്.
4. ടീം രൂപീകരിക്കുമ്പോഴും, പ്രവർത്തിക്കുമ്പോഴും മതിയായ സുരക്ഷാ ഉപാധികളും, പദ്ധതിയുടെ ഭാഗമായി ലോഗോയും, പ്രവർത്തകർക്ക് യൂണിഫോമും നൽകേണ്ടതാണ്. ഇതോടൊപ്പം അണുനശീകരണം നടത്തിയ സ്ഥാപനങ്ങളിൽ കുടുംബശ്രീ ശുചീകരണ യൂണിറ്റിന്റെ ലോഗോ പതിപ്പിക്കേണ്ടതാണ്.

5. പദ്ധതി നടപ്പിലാക്കുന്നതിനായി ജില്ലാതല മാനേജ്മെന്റ് ടീം രൂപീകരിക്കേണ്ടതാണ്. പദ്ധതി ഗുണഭോക്താക്കളായ കുടുംബശ്രീ സംരംഭക അംഗങ്ങൾക്ക് പ്രതിമാസം 10,000 രൂപയിലധികം വരുമാനം ലഭിക്കുന്നതിനുള്ള ഓർഡറുകൾ ജില്ലാതല മാനേജ്മെന്റ് ടീമുകൾ കണ്ടെത്തേണ്ടതാണ്. ഓർഡറുകൾ ലഭ്യമാക്കുമ്പോൾ മാനേജ്മെന്റ് ടീമിന് ആകെ ഓർഡർ തുകയുടെ നിശ്ചിത ശതമാനം കമ്മീഷനായി നൽകേണ്ടതാണ്.
6. ജില്ലാതലത്തിൽ 10-ൽ അധികം സംരംഭക യൂണിറ്റുകൾ ആരംഭിക്കുന്ന പക്ഷം സംരംഭ യൂണിറ്റുകളുടെ പ്രത്യേക കൺസോർഷ്യം രൂപീകരിച്ച് പദ്ധതി നടപ്പിലാക്കേണ്ടതും, അതിൽ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ പദ്ധതി നിർവഹണ ചുമതലയ്ക്ക് നേതൃത്വം നൽകേണ്ടതുമാണ്.
7. നിലവിലെ സാഹചര്യത്തിൽ കോവിഡ് ഫസ്റ്റ്ലൈൻ ട്രീറ്റ്മെന്റ് സെന്ററുകളിലേക്ക് പ്രസ്തുത ടീം വഴി സേവനം നൽകുന്നതിനുള്ള സാധ്യതകൾ കണ്ടെത്തേണ്ടതാണ്.

സ്വകാര്യ സ്ഥാപനങ്ങൾക്കും/ സർക്കാർ-അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്കും കുടുംബശ്രീ ടീമുകളെ/സംരംഭങ്ങളെ ഉപയോഗിച്ച് ടി ഉപജീവന പാക്കേജ് പ്രകാരമുള്ള സേവനങ്ങൾ ലഭ്യമാക്കുന്നതിന് ഉള്ള റേറ്റ് പാക്കേജിൽ ഉൾപ്പെടുത്തിയിരുന്നു. ടി സ്ഥാപനങ്ങൾക്ക്/ വകുപ്പുകൾക്ക് അവരുടെ വിവിധ ഫണ്ടുകൾ വിനിയോഗിച്ച് ടെൻഡർ നടപടിക്രമങ്ങൾ ഇല്ലാതെ തന്നെ പാക്കേജിൽ വിവരിച്ചിട്ടുള്ള റേറ്റ് അനുസരിച്ച് കുടുംബശ്രീ ടീമുകളെ/സംരംഭങ്ങളെ തിരെഞ്ഞെടുക്കാമെന്നുള്ള പ്രൊപ്പോസൽ സർക്കാർ അംഗീകാരത്തിനായി സമർപ്പിക്കുന്നതിന് എക്സിക്യൂട്ടീവ് കമ്മിറ്റി ശുപാർശ ചെയ്യുകയും ചെയ്തു.

യോഗം വൈകുന്നേരം 4.15 മണിക്ക് അവസാനിച്ചു.

(ഒപ്പ്)
പ്രിൻസിപ്പൽ സെക്രട്ടറി (തസ്വഭവ) &
എക്സിക്യൂട്ടീവ് കമ്മിറ്റി ചെയർമാൻ,
കുടുംബശ്രീ

// ശരി പകർപ്പ് //

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ (കുടുംബശ്രീ)